പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1457 12 -07-2011-ൽ മറുപടിക്ക്

## സംസ്ഥാനത്തെ കോടതികളിലും ഹൈക്കോടതിയിലും സംസ്ഥാന ഗവൺമെന്റിനു വേണ്ടി കേസ് വാദിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എ. അഹമ്മദ് കബീർ<br>,, കെ.മുഹമ്മദുണ്ണി ഹാജി<br>,, പി.കെ.ബഷീർ<br>,, പി.ഉബൈദുള്ള | ശ്രീ.കെ.എം.മാണി<br>(ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | അഡ്വക്കേറ്റ് ജനറൽ, ഗവൺ മെന്റ് പ്ലീഡർമാർ തുടങ്ങി സംസ്ഥാനത്തെ കോടതികളിലും ഹൈക്കോടതിയിലും സംസ്ഥാന ഗവൺമെന്റിനുവേണ്ടി കേസ് വാദിക്കാൻ ഏർ പ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ; സംസ്ഥാനത്തൊട്ടാകെ ഇതിനായി എത്ര പേരെ നിയമിച്ചിട്ടുണ്ട് ; | സംസ്ഥാനത്തെ ഹൈക്കോടതിയിൽ കേസുകൾ വാദിക്കുന്നതിന് അഡ്വ ക്കേറ്റ് ജനറൽ, രണ്ട് അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസി ക്യൂഷൻ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ, സ്റ്റേറ്റ് അറ്റോർണി (ലെയ്സൺ ഓഫീസർ), 11 സ്പെഷ്യൽ ഗവൺ മെന്റ് പ്ലീഡർമാർ, 41 സീനിയർ ഗവൺ മെന്റ് പ്ലീഡർമാർ, 36 ഗവൺ മെന്റ് പ്ലീഡർമാർ, എന്നിങ്ങനെ 96 പേരും മറ്റ് കോടതികളിൽ കേസ് നടത്തിപ്പിനായി 14 ജില്ലാ ഗവൺ മെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരും 108 അഡീഷണൽ ഗവൺ മെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരും മുൻസിഫ് കോടതികളിൽ സർക്കാർ കേസുകൾ വാദിക്കുന്ന തിനായി 38 അഡ്വക്കേറ്റ മാരും ഉൾ പ്പെട്ട സംവിധാനമാണ് നില വിലുള്ളത്. സംസ്ഥാനമൊട്ടാകെ ഇതി നായി ആകെ 254 പേരെ നിയമിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | കഴിഞ്ഞ ഗവൺ മെന്റിന്റെ ഭരണ കാലത്ത് സർക്കാർ കേസ് വാദി ക്കാൻ എത്ര അഡ്വക്കേറ്റ്മാരെ നിയമിച്ചിട്ടുണ്ട് ; അവർക്ക് ഫീസ്, റ്റി.എ., താമസ സൗകര്യം എന്നിവ യ്ക്കായി എത്ര തുക നൽകിയിട്ടുണ്ട് ; എത്ര തുക നൽകാനുണ്ട് ; | (എ) പിരിവിന്റെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ള 254 അഡ്വക്കേറ്റമാർക്ക് പുറമെ കഴിഞ്ഞ ഗവൺ മെന്റിന്റെ ഭരണ കാലത്ത് സർക്കാർ കേസ് വാദിക്കാൻ 42 അഡ്വക്കേറ്റ്മാരെ കൂടി നിയമിക്കുക യുണ്ടായി. (എ), (ബി) പിരിവുകളിൽ ഉൾ പ്പെട്ട എല്ലാ അഡ്വക്കേറ്റ്മാർക്കുമായി ഫീസിനത്തിൽ 22,39,03,441 രൂപയും റ്റി.എ., താമസ സൗകര്യം എന്നിവയ്ക്കായി 13,61,102.36 രൂപയും നൽകിയിട്ടുണ്ട് ; ഇനിയും 30,24,315 രൂപ നൽകാനുണ്ട്. |
| (സി) | മുഖ്യമന്ത്രി വ്യക്തിപരമായി നൽകിയ കേസ്സുകളിലേതിലെങ്കിലും സർക്കാർ ചെലവിൽ അഭിഭാഷ കരെ നിയോഗിച്ചിരുന്നോ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ ; | നിയോഗിച്ചിരുന്നു; മുൻ മുഖ്യമന്ത്രി ശ്രീ.വി. എസ്.അച്യുതാനന്ദൻ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത ക്രിമി നൽ.എ. 350/06 (ഇടമലയാർ കേസ്സ്) നമ്പർ കേസ്സിൽ സർക്കാരിനു വേണ്ടി സ്റ്റാന്റിംഗ് കൗൺസിലായ ശ്രീ.പി. വി. ദിനേശും, സീനിയർ അഭിഭാഷകരായ ശ്രീ.നാഗേശ്വര റാവുവും ശ്രീ.ആർ. എസ്. സോധിയും ഹാജരായിട്ടുണ്ട്. |
| (ഡി) | മുൻ മുഖ്യമന്ത്രി പ്രസ്തുത പദവി ഏറ്റെടുക്കും മുമ്പ് വ്യക്തിപരമായി നൽകിയ കേസ്സിൽ ഹർജിക്കാരനു വേണ്ടി സർക്കാർ അഭിഭാഷകർ ഹാജരായിട്ടുണ്ടോ ; ഹർജിക്കാ രന് വേണ്ടി ഹാജരായ ഏതെ ങ്കിലും അഭിഭാഷകന് സർക്കാരിൽ നിന്നും ഫീസോ മറ്റ് ആനുകൂല്യ ങ്ങളോ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ? | ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.